# VERAPOLY
## ARCHDIOCESAN GAZETTE
## വരാപ്പുഴ അതിരൂപതാ ഗസറ്റ്

Vol. LV - JK 63 | 2022 May 1 | No.5


### സർക്കുലർ - 15

## രക്തസാക്ഷിയായ ദേവസഹായം

*യേശുവിൽ പ്രിയ സഹോദര വൈദികരേ,*
*സന്ന്യാസസഹോദരന്മാരേ, സഹോദരിമാരേ, വത്സലമക്കളേ,*

ക്രിസ്തുവിൽ സ്നേഹാശംസകൾ നേരുന്നു!

രക്തസാക്ഷിയായ ദേവസഹായത്തിലൂടെ ഒരു പുതിയ വിശുദ്ധനുവേണ്ടി ഭാരതസഭ ആകാംക്ഷയോടെ കാത്തിരിക്കുകയാണ്. നമുക്കറിയാവുന്നതുപോലെ ഈ വരുന്ന മേയ് 15-ാം തീയതി വത്തിക്കാനിൽ വച്ച് മറ്റു ആറുപേരോടൊപ്പം പരിശുദ്ധ ഫ്രാൻസിസ് പാപ്പാ വാഴ്ത്തപ്പെട്ട ദേവസഹായത്തെ വിശുദ്ധനായി പ്രഖ്യാപിക്കുകയാണ്. ഭാരത മണ്ണിൽ രക്തസാക്ഷി മകുടം ചൂടുന്ന പ്രഥമ ഭാരതീയൻ എന്ന് വേദസാക്ഷിയായ ദേവസഹായം അംഗീകരിക്കപ്പെടുകയാണ്. ഭാരതത്തിൽനിന്ന് വിശുദ്ധപദത്തിലേക്കുയർത്തപ്പെടുന്ന പ്രഥമ അല്മായനും, വിവാഹിതനുമായ വ്യക്തിയാണ് ദേവസഹായം. അതിനാൽതന്നെ ഈ വിശുദ്ധനാമകരണത്തിന് ഭാരതസഭയിൽ പ്രത്യേക പ്രാധാന്യമുണ്ട്.

2009-ൽ മൈസൂരിൽ നടന്ന 21-ാമത് സമ്പൂർണ സമ്മേളനത്തിൽവച്ച് വിശുദ്ധരുടെ നാമകരണത്തിനുള്ള തിരുസംഘത്തോട് ദേവസഹായത്തെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്ന് ആവശ്യപ്പെടുവാൻ ഭാരത കത്തോലിക്കാ മെത്രാൻ സമിതി (സിസിബിഐ) തീരുമാനിച്ചു. വിശ്വാസവർഷമായി

ആചരിച്ച 2012-ൽ അത് സാധിതമാവുകയും ചെയ്തു. തുടർന്ന് 2013-ൽ വേളാങ്കണ്ണിയിൽ സമ്മേളിച്ച സിസിബിഐ സമ്പൂർണ്ണസമ്മേളനം വാഴ്ത്തപ്പെട്ട ദേവസഹായത്തിന്റെ ഓർമ്മ ഇന്ത്യയ്ക്കുവേണ്ടിയുള്ള ആരാധനക്രമകലണ്ടറിൽ സ്മരണയായി ഉൾപ്പെടുത്തുവാൻ വോട്ടിംഗിലൂടെ നിശ്ചയിച്ചു.

ആനുകാലികമായ അജപാലന വെല്ലുവിളികളെക്കുറിച്ച് സത്യസന്ധമായ വിവേചനം നടത്തുവാൻ സിനഡാത്മക യാത്രയിലൂടെ പരിശ്രമിക്കുന്ന സമയത്തുതന്നെയാണ് വേദസാക്ഷിയായ ദേവസഹായത്തിന്റെ വിശുദ്ധപദപ്രഖ്യാപനം വന്നെത്തുന്നത് എന്നത് ഭാരതസഭയെ സംബന്ധിച്ച് നിർണ്ണായകമായ ഒരനുഗ്രഹമാണ്. ഇക്കാലഘട്ടത്തിൽ ക്രൈസ്തവജീവിതത്തിന്റെയും സാക്ഷ്യത്തിന്റെയും സങ്കീർണതകളെ സധൈര്യം നേരിടുവാൻ സകലരോടും പ്രത്യേകിച്ച് നമ്മുടെ യുവജനങ്ങളോടും ഈ ധീരരക്തസാക്ഷിയുടെ വീരചരിതം വിവരിക്കുവാൻ നമുക്ക് അത്ഭുതകരമായ ഒരവസരം കൈവന്നിരിക്കുന്നു.

രക്തസാക്ഷി ദേവസഹായത്തിന്റെ വിശുദ്ധനാമകരണ ചടങ്ങുകൾ ഇപ്രകാരമാണ് ക്രമീകരിക്കുക:

- ✦ 2022 മെയ് 14-ന് വൈകുന്നേരം ഇറ്റാലിയൻ സമയം അഞ്ചു മണിക്ക് റോമിലെ വിശുദ്ധ പത്രോസിന്റെ ബസിലിക്കയിൽ സാഘോഷമായ സന്ധ്യായാമപ്രാർത്ഥനയും, തുടർന്ന് പോൾ ആറാമൻ ഹാളിൽ പൊതുസമ്മേളനവും, കലാ-സാംസ്കാരിക പരിപാടികളും;
- ✦ മെയ് 15-ാം തീയതി ഞായറാഴ്ച ഇറ്റാലിയൻ സമയം രാവിലെ 10 മണിക്ക് പരിശുദ്ധ ഫ്രാൻസീസ് പാപ്പാ അർപ്പിക്കുന്ന വിശുദ്ധ നാമകരണ ദിവ്യബലി.
- ✦ സഭയിലെ ഈ അപൂർവ്വ സംഭവം കൊണ്ടാടുന്നതിനായി ഭാരതത്തിലെ സഭ ദേശീയതലത്തിൽ താഴെപ്പറയുന്ന പരിപാടികൾ സംഘടിപ്പിക്കുന്നതാണ്:
- ✦ *ദേശീയ ക്വിസ് മത്സരം:* കോട്ടാർ രൂപതയിൽ പ്രവർത്തിക്കുന്ന വിശുദ്ധ നാമകരണ കമ്മറ്റിയോടു സഹകരിച്ച് സിസിബിഐ ഏഴു പടികളിലായി ക്വിസ് മത്സരം സംഘടിപ്പിക്കും.

- *ദേശീയ ലേഖന മത്സരം:* ഹൈസ്കൂൾ ഹയർസെക്കന്ററി വിദ്യാർത്ഥികൾ, കോളേജ് - യൂണിവേഴ്സിറ്റി വിദ്യാർത്ഥികൾ, പൊതുയുവജനങ്ങൾ, വിവാഹിതരായ അല്മായർ എന്നീ വിഭാഗങ്ങൾക്കായി കോട്ടാർ രൂപതയിലെ വിശുദ്ധനാമകരണ കമ്മിറ്റി സിസിബിഐ യുടെ ആഭിമുഖ്യത്തിൽ ലേഖനമത്സരം സംഘടിപ്പിക്കും.
- *ദേശീയപ്രാർത്ഥനാ മണിക്കൂർ:* മഹാമാരി സമയത്ത് ദേശീയ തലത്തിൽ നടത്തപ്പെട്ട തിരുമണിക്കൂറിനു സമാനമായി 2022 ജൂൺ 24 വെള്ളിയാഴ്ച തിരുഹൃദയത്തിരുനാൾ ദിനത്തിൽ നടത്തപ്പെടുന്ന ഒരു മണിക്കൂർ പ്രാർത്ഥനാ സമയത്ത് നമ്മുടെ എല്ലാ കുടുംബങ്ങളെയും യേശുവിന്റെ തിരുഹൃദയത്തിന് സമർപ്പിക്കാം. ഇന്ത്യയിൽ താമസിക്കുന്നവരോ വിദേശത്തുള്ളവരോ ആയ നമ്മുടെ സകല വിശ്വാസികളും ഒരു കുടുംബമായി പ്രസ്തുത പ്രാർത്ഥനാമണിക്കൂറിൽ പങ്കുചേരുകയും നമ്മുടെ രാജ്യത്തിനുവേണ്ടി വേദസാക്ഷിയായ ദേവസഹായത്തിന്റെ മാദ്ധ്യസ്ഥ്യം അപേക്ഷിക്കുകയും ചെയ്യണമെന്നാണ് നമ്മുടെ തീക്ഷ്ണമായ ആഗ്രഹം.
- *ദേശീയ കൃതജ്ഞതാഘോഷം:* വാഴ്ത്തപ്പെട്ട ദേവസഹായത്തിന്റെ രക്തസാക്ഷിത്വത്താൽ പാവനമാക്കപ്പെട്ട അതേ സ്ഥലത്ത് കോട്ടാർ, കുഴിത്തുറ രൂപതകളുടെ ആഭിമുഖ്യത്തിൽ പെന്തക്കൊസ്താ തിരുന്നാളായ 2022 ജൂൺ 5-ന് വൈകിട്ടു നാലു മണിക്ക് നടത്തപ്പെടുന്ന ആഘോഷങ്ങളിൽ ഭാരതത്തിലെ സഭ പങ്കുചേരും.

**പ്രത്യേകം ശ്രദ്ധിക്കാൻ**

വാഴ്ത്തപ്പെട്ട ദേവസഹായത്തെ വിശുദ്ധനെന്ന് പരിശുദ്ധ ഫ്രാൻസിസ് പാപ്പ നാമകരണം ചെയ്യുന്ന 2022 മെയ് 15-ാം തീയതി ഞായറാഴ്ച രാവിലെ നമ്മുടെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലിയിൽ ദിവ്യഭോജനപ്രാർഥനക്കുശേഷം നന്ദി സൂചകമായി “സ്തോത്ര ഗീതം” (Te deum) ആലപിക്കേണ്ടതാണ്. അന്നുതന്നെ ഉച്ചകഴിഞ്ഞ് 2.30 ന് ആനന്ദത്തിന്റെയും കൃതജ്ഞതയുടെയും അടയാളമായി കേരള ലത്തീൻ സഭയിലെ എല്ലാ ദേവാലയങ്ങളിലും സ്ഥാപനങ്ങളിലും ഒരു മിനിറ്റ് സമയത്തേക്ക് പള്ളി മണികൾ മുഴക്കേണ്ടതാണ്. ഈ വിവരം വിശ്വാസികളെ മുൻകൂട്ടി അറിയിക്കേണ്ടതുമാണ്.

ഇതോടൊപ്പം നാമകരണദിനമായ മെയ് 15ന് തിരുവനന്തപുരം അതിരൂപതയുടെ ആഭിമുഖ്യത്തിൽ പാളയം സെന്റ് ജോസഫ് കത്തീഡ്രലിൽ നടക്കുന്ന ആഘോഷങ്ങളിലോ, ജൂൺ 5ന് കോട്ടാറിൽ നടക്കുന്ന കൃതജ്ഞതാബലിയിലോ പങ്കെടുക്കുന്നതിനും സൗകര്യപ്രദമായ സമയത്ത് വാഴ്ത്തപ്പെട്ട ദേവസഹായത്തിന്റെ ജീവിതവുമായി ബന്ധപ്പെട്ട സ്ഥലങ്ങളിലേക്ക് സാധ്യമാകുന്നവരെല്ലാം തീർത്ഥാടനങ്ങൾ സംഘടിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കേണ്ടതുമാണ്.

ഈ മഹാസംഭവത്തിനായി ഭാരതസഭ ഒരുങ്ങുമ്പോൾ, നമ്മുടെ രാജ്യത്തിന് ഒരു പുതിയ വിശുദ്ധനെ നല്കിയതിനെപ്രതി ദൈവത്തിന് കൃതജ്ഞതയർപ്പിക്കുകയും, അനേകവർഷങ്ങളായി വിശുദ്ധ നാമകരണത്തിന്റെ സുദീർഘമായ പ്രക്രിയയിൽ അവിശ്രമം പരിശ്രമിച്ച എല്ലാവരോടുമുള്ള അഗാധമായ നന്ദി രേഖപ്പെടുത്തുകയും ചെയ്യുന്നു. വാഴ്ത്തപ്പെട്ട ദേവസഹായം നമുക്കുവേണ്ടി മാദ്ധ്യസ്ഥ്യം വഹിക്കട്ടെ.

സ്നേഹപൂർവ്വം

കേരള ലത്തീൻ കത്തോലിക്കാ മെത്രാൻസമിതിക്കുവേണ്ടി,

**✠ ജോസഫ് കരിയിൽ**
*പ്രസിഡന്റ്, കെആർഎൽസിസി & കെആർഎൽസിബിസി*
*കൊച്ചി രൂപതാമെത്രാൻ*

**✠ ജോസഫ് കളത്തിപ്പറമ്പിൽ**
*വരാപ്പുഴ അതിരൂപതാ മെത്രാപ്പോലീത്ത*

**✠ വിൻസെന്റ് സാമുവൽ**
*വൈസ് പ്രസിഡന്റ്, കെആർഎൽസിസി & കെആർഎൽസിബിസി*
*നെയ്യാറ്റിൻകര രൂപതാമെത്രാൻ*

**✠ സെൽവിസ്റ്റർ പൊന്നുമുത്തൻ**
*സെക്രട്ടറിജനറൽ, കെആർഎൽസിബിസി*
*പുനലൂർ രൂപതാമെത്രാൻ*

---

NB: **ഈ സർക്കുലർ 2022 മെയ് 8-ാം തീയതി ഞായറാഴ്ച ദിവ്യബലി മധ്യേ വായിക്കേണ്ടതാണ്.**

# രക്തസാക്ഷിയായ ദേവസഹായം
# (1712 -1752)

## ജീവചരിത്രസംഗ്രഹം

ഭാരതസഭയ്ക്ക് ആനന്ദിക്കാൻ മറ്റൊരു കാരണം കൂടി: 2022 മെയ് 15–ന് റോമിലെ വിശുദ്ധ പത്രോസിന്റെ ബസിലിക്കയിൽ ഫ്രാൻസിസ് പാപ്പ രക്തസാക്ഷിയായ ദേവസഹായത്തെ വിശുദ്ധരുടെ ഗണത്തി ലേക്ക് ഉയർത്തുന്നു. ഭാരതമണ്ണിൽ രക്തസാക്ഷി മകുടം ചൂടുന്ന ആദ്യ ഭാരതീയനാണ് അദ്ദേഹം; ഭാരതത്തിൽ വിശുദ്ധരുടെ ഗണത്തിലേക്ക് ഉയർത്തപ്പെടുന്ന ആദ്യ അല്മായനും അദ്ദേഹം തന്നെ.

## ജനനവും കുടുംബവും

1712 ഏപ്രിൽ 23–ന് മുമ്പ് തിരുവിതാംകൂർ രാജ്യത്തിന്റെ ഭാഗമാ യിരുന്ന, ഇന്ന് കന്യാകുമാരി ജില്ലയിലെ നട്ടാലം എന്ന ചെറുഗ്രാമ ത്തിലാണ് ദേവസഹായം ജനിച്ചത്. ബ്രാഹ്മണ സമുദായാംഗമായ വാസുദേവൻ നമ്പൂതിരിയായിരുന്നു അദ്ദേഹത്തിന്റെ പിതാവ്; നായർ സമുദായാംഗമായ ദേവകി അമ്മയായിരുന്നു മാതാവ്. നീലകണ്ഠൻ എന്നായിരുന്നു അദ്ദേഹത്തിന്റെ യഥാർത്ഥ പേര്.

## ഏവർക്കും പ്രിയങ്കരനായ ഉദ്യോഗസ്ഥൻ

ഉത്തമമായ ഹൈന്ദവവിശ്വാസത്തിലാണ് നീലകണ്ഠൻ വളർന്നു വന്നത്. അന്നാട്ടിൽ ജനങ്ങൾ സംസാരിച്ചിരുന്ന തമിഴ്, മലയാളം ഭാഷ കളിൽ അവഗാഹം നേടിയതോടൊപ്പം അദ്ദേഹം വർമ്മശാസ്ത്രം, വാൾപയറ്റ്, ആയോധനകലകൾ എന്നിവയിലും പ്രാവീണ്യം നേടി. തുടർന്ന് തിരുവിതാംകൂർ സൈന്യത്തിൽ ഉയർന്ന ഉദ്യോഗസ്ഥനായി നിയമിതനായി. പിന്നീട് പദ്മനാഭപുരത്തെ നീലകണ്ഠസ്വാമി ക്ഷേത്ര ത്തിൽ ഒരു ഉദ്യോഗസ്ഥനായി. അതോടൊപ്പം രാജകൊട്ടാരത്തിൽ മിടുക്കനായ ഉദ്യോഗസ്ഥനായി സേവനമനുഷ്ഠിച്ചു; രാജാവിന്റെ ഖജ നാവിന്റെ മേൽനോട്ടക്കാരനായി. നീലകണ്ഠൻ മേക്കോട് ഗ്രാമത്തിലെ ഭാർഗ്ഗവി അമ്മാൾ എന്ന സ്ത്രീയെ വിവാഹം കഴിച്ചു.

## ഒരു കത്തോലിക്ക അല്മായനാൽ സുവിശേഷവത്കരിക്കപ്പെട്ടയാൾ

രാജകൊട്ടാരത്തിൽ നീലകണ്ഠൻ തന്റെ ചുമതലകൾ നിർവ്വ ഹിച്ചുവരുമ്പോൾ 1741–ൽ കുളച്ചൽ യുദ്ധത്തിൽ മാർത്താണ്ഡവർമ്മ

മഹാരാജാവ് ഡച്ച് സൈന്യത്തെ പരാജയപ്പെടുത്തി. യുദ്ധത്തടവുകാരനായി പിടിക്കപ്പെട്ട ഡച്ച് സൈന്യാധിപൻ യൂസ്തേഷ്യസ് ബനഡിക്ട് ഡിലനോയി എന്ന കത്തോലിക്കാ വിശ്വാസിയുമായി നീലകണ്ഠൻ പരിചയപ്പെടാനിടയായി. ഈ സമയത്ത് നീലകണ്ഠൻ തികച്ചും ദുഃഖിതനായി കാണപ്പെട്ടിരുന്നു. ദുഃഖകാരണം അന്വേഷിച്ച ഡിലനോയോട് തന്റെ കുടുംബത്തെ ബാധിച്ചിരുന്ന നിരവധിയായ തകർച്ചകളെക്കുറിച്ച് നീലകണ്ഠൻ പറഞ്ഞു. ഡിലനോയി പഴയ നിയമത്തിലെ ജോബിന്റെ കഥ വിവരിക്കുകയും, നല്ല മനുഷ്യനെ സഹനങ്ങളിലൂടെ ദൈവം അവന്റെ വിശ്വാസം പരീക്ഷിക്കുമെന്ന് വിശദീകരിക്കുകയും ചെയ്തു. ഡിലനോയിയുടെ വാക്കുകളിലൂടെ ഒരു സൗഖ്യസ്പർശം അനുഭവിച്ചറിഞ്ഞ നീലകണ്ഠൻ തനിക്ക് ഒരു ക്രിസ്ത്യാനി ആകണമെന്ന ആഗ്രഹം പ്രകടിപ്പിക്കുകയും കത്തോലിക്കാ വിശ്വാസ സത്യങ്ങൾ തന്നെ പഠിപ്പിക്കാൻ അദ്ദേഹത്തോട് ആവശ്യപ്പെടുകയും ചെയ്തു. ഡിലനോയി നീലകണ്ഠനെ തിരുവിതാംകൂറിന് പുറത്തുള്ള വടക്കുംകുളം എന്ന ചെറുഗ്രാമത്തിൽ പ്രവർത്തിച്ചിരുന്ന ഈശോ സഭാ മിഷണറിയായ ഫാ. ജോവാന്നി ബാപ്റ്റിസ്റ്റ് ബുട്ടാരിയുടെ അടുക്കലേക്ക് അയച്ചു; നീലകണ്ഠനെ കത്തോലിക്കാ വിശ്വാസത്തിലേക്ക് സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടുള്ള ഒരു കത്തും കൊടുത്തുവിട്ടു. 9 മാസക്കാലം കത്തോലിക്കാവിശ്വാസ സംബന്ധമായ കാര്യങ്ങൾ പഠിപ്പിച്ചശേഷം, 1745 മെയ് 14-ന് ഫാ. ബുട്ടാരി നീലകണ്ഠന് വടക്കുംകുളം തിരുക്കുടുംബ ദേവാലയത്തിൽവച്ച് ജ്ഞാനസ്നാനം നല്കി. ബൈബിളിൽ ദൈവം സഹായിച്ചു എന്നർത്ഥമുള്ള 'ലാസറസ്' എന്ന പേരിന്റെ തമിഴ് പതിപ്പായ 'ദേവസഹായം' എന്ന പേര് അദ്ദേഹത്തിന് നല്കപ്പെട്ടു.

## തീക്ഷ്ണമതിയായ ഒരു കത്തോലിക്ക അല്മായ പ്രേഷിതൻ

കത്തോലിക്കാ സഭാംഗമായതോടെ ദേവസഹായം സുവിശേഷവത്കരണ ദൗത്യം തീക്ഷ്ണതയോടെ നിറവേറ്റിത്തുടങ്ങി. 'തെരേസ' എന്ന പേരിന്റെ തമിഴ് രൂപമായ 'ജ്ഞാനപ്പൂ'എന്ന പേര് സ്വീകരിച്ച സ്വന്തം ഭാര്യയിൽ തുടങ്ങി അനേകരെ അദ്ദേഹം വിശ്വാസത്തിലേക്കാനയിച്ചു. സമൂഹത്തിലെ വിവിധ വിഭാഗങ്ങളിലും ജാതികളിലും ഉൾപ്പെട്ടിരുന്ന എല്ലാവരുമായി അദ്ദേഹം അടുത്ത് ഇടപഴകി. മേൽജാതിക്കാരന്റെ അടയാളങ്ങൾ ഉപേക്ഷിച്ച് കീഴ്ജാതിക്കാരോടൊപ്പം അദ്ദേഹം ഭക്ഷണം കഴിക്കുകയും ചെയ്തു. ദേവസഹായത്തിൽ വന്ന

ഇത്തരം മാറ്റങ്ങൾ ശ്രദ്ധിച്ച മേൽ ജാതിക്കാർ അദ്ദേഹം മതാചാരങ്ങളെ പുഛരിക്കുകയും ദേവന്മാരെയും ബ്രാഹ്മണരെയും രാജസിംഹാസനത്തെയും അവഹേളിക്കുകയും ചെയ്യുന്നതായി കുറ്റാരോപണം നടത്തി.

## കത്തോലിക്കാ വിശ്വാസ സാക്ഷി

താൻ സ്വീകരിച്ച കത്തോലിക്കാ വിശ്വാസത്തിൽനിന്ന് ദേവസഹായത്തെ പിന്തിരിപ്പിക്കാൻ മേൽജാതിക്കാർ കിണഞ്ഞ് പരിശ്രമിച്ചെങ്കിലും തന്റെ തീരുമാനത്തിൽ ഉറച്ചു നില്ക്കാൻ അദ്ദേഹം അത്യധികം ധീരതകാട്ടി; ക്രിസ്തുവിനെ പ്രതി മരണംതന്നെ തെരഞ്ഞെടുക്കാനും അദ്ദേഹം തയ്യാറായി. ഇക്കാര്യങ്ങൾ അറിഞ്ഞ രാജാവ് 1749 ഫെബ്രുവരി 23-ന് അദ്ദേഹത്തെ ബന്ധനസ്ഥനാക്കി ഇടുങ്ങിയ ഒരു ഇരുട്ടറയിൽ തടവിലാക്കുകയും അതിക്രൂരമായ മർദ്ദനങ്ങൾക്ക് വിധേയനാക്കുകയും ചെയ്തു. തുടർന്ന് മധുര, തിരുവിതാംകൂർ രാജ്യാതിർത്തിയിലുള്ള ആരുവായ്മൊഴി എന്ന സ്ഥലത്ത് തടവിൽ പാർപ്പിച്ചു.

## രക്തസാക്ഷിത്വത്തിന് യോഗ്യൻ

തടവിലായിരുന്ന സമയത്തും ദേവസഹായം വിശുദ്ധരുടെ ഗണത്തിൽ ചേരുവാൻ തന്നെ യോഗ്യനാക്കുന്ന ഒരു ജീവിതം നയിച്ചു. ഓരോ പ്രഭാതത്തിലും രാത്രിയിലും ദീർഘനേരം അദ്ദേഹം പ്രാർത്ഥനയിൽ ചെലവഴിച്ചു. യേശുവിന്റെ മരണത്തെപ്രതി എല്ലാ വെള്ളിയാഴ്ചകളിലും പരിശുദ്ധ മറിയത്തിന്റെ വ്യാകുലങ്ങളെ പ്രതി എല്ലാ ശനിയാഴ്ചകളിലും അദ്ദേഹം ഉപവസിച്ചിരുന്നു. തന്നെ സന്ദർശിക്കാനായി വൈദികർ വന്നപ്പോഴെല്ലാം അദ്ദേഹം നല്ല കുമ്പസാരം നടത്തി ഏറ്റവും ഭക്തിയോടെ പരിശുദ്ധ കുർബ്ബാന സ്വീകരിക്കുകയും ചെയ്തിരുന്നു. എല്ലാ മനുഷ്യരോടും അദ്ദേഹം ഏറെ സന്തോഷത്തോടും സ്നേഹത്തോടും ബഹുമാനത്തോടും ഇടപെട്ടിരുന്നു.

## രക്തത്താലുള്ള സാക്ഷ്യം

ദേവസഹായത്തെ കാരാഗൃഹത്തിൽ സന്ദർശിക്കുന്നവരുടെ എണ്ണം അനുദിനം വർദ്ധിച്ചുവന്നു. അതിനാൽ അദ്ദേഹത്തെ രഹസ്യമായി വധിക്കാൻ രാജാവ് കല്പിച്ചു. 1752 ജനുവരി 14 പാതിരാവോടടുത്ത് അദ്ദേഹത്തെ വധിക്കാനുള്ള സ്ഥലത്തേക്ക് പടയാളികൾ കൊണ്ടു

പോയി. വെടിയേറ്റു മരിക്കുംമുമ്പ് ദേവസഹായം മുട്ടിന്മേൽനിന്ന് അതി തീക്ഷ്ണമായി പ്രാർത്ഥിച്ചു.

ദേവസഹായത്തിന്റെ മൃതദേഹം വന്യജീവികൾ ഭക്ഷിക്കുന്നതിനായി പാറക്കൂട്ടത്തിലേക്ക് അവർ വലിച്ചെറിഞ്ഞു കളഞ്ഞു. എന്നാൽ ഈ വിവരമറിഞ്ഞ് ക്രിസ്തുവിശ്വാസികൾ അദ്ദേഹത്തിന്റെ മൃതശരീരം കണ്ടെത്തുകയും ഇന്നത്തെ കോട്ടാർ രൂപതയുടെ ഭദ്രാസന ദേവാലയമായ വിശുദ്ധ ഫ്രാൻസീസ് സേവ്യർ ദേവാലയത്തിനു മുന്നിൽ സംസ്കരിക്കുകയും ചെയ്തു.

## ആഘോഷിക്കപ്പെടുന്ന രക്തസാക്ഷിത്വം

അന്നത്തെ കൊച്ചി രൂപതാധ്യക്ഷൻ ബിഷപ്പ് ക്ലമന്റ് ഹൊസെ കൊളാസോലത്താവോ SJ ആയിരുന്നു ദക്ഷിണേന്ത്യ മുഴുവനുമുള്ള കത്തോലിക്കാ സഭയുടെ അജപാലകൻ. ദേവസഹായത്തിന്റെ മരണം രക്തസാക്ഷിത്വം തന്നെയാണെന്ന് അദ്ദേഹം പ്രഖ്യാപിക്കുകയും തന്റെ രൂപതയിലുള്ള എല്ലാ അംഗങ്ങൾക്കുമായി ഒരു ഇടയലേഖനം പുറപ്പെടുവിക്കുകയും ചെയ്തു. ദേവസഹായത്തിന്റെ രക്തസാക്ഷിത്വം വിളംബരം ചെയ്തുകൊണ്ട് എല്ലാ ദേവാലയങ്ങളിലും മണി മുഴക്കാനും 'തെദേവും' ആലപിക്കാനും അദ്ദേഹം ആഹ്വാനം ചെയ്തു. 1756 നവംബർ 15-ന് അദ്ദേഹം തയ്യാറാക്കിയ 'ആദ് ലിമിന സന്ദർശന' റിപ്പോർട്ടിൽ ദേവസഹായത്തിന്റെ ജീവിതവും രക്തസാക്ഷിത്വവും ഉൾപ്പെടുത്തുകയും ചെയ്തു.

## ജനങ്ങളുടെ നിത്യ സ്മരണ

ദേവസഹായത്തിന്റെ മരണം മുതൽ ഇന്നോളം ദക്ഷിണേന്ത്യ മുഴുവനുമുള്ള ജനങ്ങളുടെ ഓർമ്മയിൽ അദ്ദേഹം ജീവിക്കുന്നു. അദ്ദേഹത്തിന്റെ രക്തസാക്ഷിത്വചരിത്രം കഥകളിലൂടെയും കവിതകളിലൂടെയും നാടകങ്ങളിലൂടെയും നാടോടി സാഹിത്യത്തിലൂടെയും തലമുറകൾ കൈമാറിക്കൊണ്ടിരിക്കുന്നു, പ്രത്യേകിച്ച് ശ്രീലങ്കയിലെ ജാഫ്ന ഉൾപ്പെടെയുള്ള തമിഴ് സംസാരിക്കുന്ന ജനങ്ങളുടെ ഇടയിൽ.

രക്തസാക്ഷിയായ ദേവസഹായത്തിന്റെ ജീവിതവും മരണവുമായി ബന്ധപ്പെട്ട സ്ഥലങ്ങൾ പ്രാർത്ഥനയുടെയും തീർത്ഥാടനത്തിന്റെയും ഇടങ്ങൾ എന്നനിലയിൽ നാനാജാതി മതസ്ഥരുടെയിടയിൽ കൂടുതൽ കൂടുതൽ പ്രസിദ്ധമായിക്കൊണ്ടിരിക്കുന്നു. മാടത്തട്ടുവിള,

അപ്പാട്ടുവിള, പെരുവിള, പുലിയൂർക്കുറിച്ചി, കൽക്കുറിച്ചി, പുല്ലാനി, പള്ളിയാടി തുടങ്ങിയ സ്ഥലങ്ങൾ ദേവസഹായത്തിന്റെ രക്തസാക്ഷിത്വത്തിനുശേഷം വലിയ തോതിലുള്ള മാനസാന്തരത്തിന് സാക്ഷ്യം വഹിച്ചിട്ടുണ്ട്. വിശുദ്ധ ഫ്രാൻസീസ് സേവ്യറിന്റെ സുവിശേഷവത്കരണ പ്രവർത്തനങ്ങൾ തീരദേശത്തെ മാനസാന്തരത്തിന് മുഖ്യകാരണമായതുപോലെ, ദേവസഹായത്തിന്റെ ജീവിതവും രക്തസാക്ഷിത്വവും തെക്കെഇന്ത്യയിലെ ഉൾനാടൻ പ്രദേശങ്ങളിലെ മാനസാന്തരത്തിന് കാരണമായിത്തീർന്നു. അന്നുമുതൽ ഇന്നോളം തമിഴ്നാട്ടിലെ കത്തോലിക്കരും അകത്തോലിക്കരുമായ ക്രൈസ്തവരുടെ ഇടയിൽ ഏറ്റവും പ്രിയങ്കരമായ നാമം ദേവസഹായം എന്നതുതന്നെയാണ്.

### പ്രാർത്ഥന

ഓ വാഴ്ത്തപ്പെട്ട ദേവസഹായം! ഭാരതഭൂവിൽ രക്തസാക്ഷിത്വമകുടം ചൂടിയ പ്രഥമ അല്മായ ശ്രേഷ്ഠ! പീഠനങ്ങളും മർദ്ദനങ്ങളും ക്ഷമയോടെ സഹിച്ച അങ്ങ് ക്രിസ്തുവിനോടുള്ള സ്നേഹത്തെപ്രതി അങ്ങയുടെ ജീവൻ ബലിയർപ്പിക്കാൻ തയ്യാറായി, നിത്യജീവന്റെ സന്തോഷം സ്വന്തമാക്കിയല്ലോ. അങ്ങയെ പ്രതി ഞങ്ങൾ ദൈവത്തെ സ്തുതിക്കുകയും അവിടത്തേക്ക് നന്ദിയർപ്പിക്കുകയും ചെയ്യുന്നു.

ഭൗതിക സുഖങ്ങളും സമ്പത്തും സ്ഥാനമാനങ്ങളും പേരും പെരുമയും പ്രശസ്തിയും വിട്ടുപേക്ഷിച്ച് അങ്ങേ ജീവിതം ദൈവരാജ്യപ്രഘോഷണത്തിനായി അങ്ങ് സമർപ്പിച്ചു. ഒരുത്തമ ക്രിസ്തുശിഷ്യനായി സുവിശേഷ മൂല്യങ്ങൾ പ്രത്യേകിച്ച് എല്ലാ മനുഷ്യരുടെയും തുല്യതയും സാഹോദര്യവും ഏറ്റവും വിശ്വസ്തതയോടെ അങ്ങ് ജീവിച്ചു. അങ്ങേ മാതൃക അനുകരിച്ച് ഭൗതികസുഖങ്ങളെല്ലാം വിട്ടുപേക്ഷിച്ച ദൈവരാജ്യത്തിന്റെ മക്കളായി സുവിശേഷമൂല്യങ്ങൾ അനുസരിച്ച് ജീവിക്കാനും അങ്ങനെ നിത്യമായ ദൈവരാജ്യത്തിലെത്തിച്ചേർന്ന് എന്നേക്കും അങ്ങയോടൊപ്പം ആയിരിക്കാനും ഞങ്ങളെ സഹായിക്കണമേ, ആമേൻ

വാഴ്ത്തപ്പെട്ട ദേവസഹായമേ,<br>ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ

# CASUS
# May 2022

My wife and I attend daily Mass in different churches in this city, where there are priests who take different approaches regarding preaching the Homily. One of them preaches every single day, with no exceptions. The second only preaches on Sundays, and not on other days. The third always preaches on Sundays and sometimes on other days, sometimes not.

Is there any discrepancy?

A: In "Who May Preach?" and "When Are the Laity Permitted to Preach?" we know that not all preaching is equal. Thus before answering this question it's important that we define our terms.

Preaching refers to an explanation of Sacred Scripture and Church teachings. In general, when someone stands before a group of worshippers and (for example) discusses one of Christ's parables found in the Gospels, or explains the theology behind the seven sacraments, and does this for the group's spiritual edification, this may safely be described as preaching. The term does not, in other words, properly pertain to a talk about fundraising, the parish's upcoming picnic, or the fine work of the school principal who is retiring. Such discussions sometimes take place during the Mass or at other liturgical celebrations, but they do not technically constitute a homily.

The code further distinguishes between preaching during the Mass, and preaching that is done in other contexts. At Mass, the preaching which explicates the Gospel for that day is called a homily. Outside of Mass, when a preacher at, say, a parish retreat or a novena discusses the mysteries of the Rosary or devotion to the Sacred Heart, this is called not a homily, but a sermon. As you can see, these terms are not synonymous.

This is all directly relevant to this question. When we ask about preaching "at Mass," we are clearly referring to a homily. So let's take a look at what the Code of Canon Law has to say about homilies. When are they mandatory?

Canon 767§1 tells us that the homily, which is an explanation of the Scriptures that takes place during the liturgy itself, is the most important form of preaching and can only be done by a cleric. Note that deacons are clerics, and so they can preach the homily just as priests can. The following paragraph is directly relevant here: A homily must be given at all Masses on Sundays and holy days of obligation which are celebrated with a congregation, and it cannot be omitted except for a grave cause (c. 767§2; cf. also c. 528§1, on the obligations of the parish priest).

What might constitute a "grave cause" which would allow a priest to skip the homily altogether at Sunday Mass? The term "grave cause" is not directly defined in the code; but it is accepted by canonists that it is a higher standard than a merely "just cause" (which is commonly interpreted as a cause that is reasonable). Ordinarily, common sense tells us when there's a sufficient cause to justify omitting a Sunday homily: the priest-celebrant may (for example) be unwell or completely exhausted after just returning from a long journey—and there is no other cleric around who could preach the homily in his stead. Perhaps there's a curfew in the region, and after an exceptionally long Gospel reading, the priest is reasonably concerned that if he preaches a homily at this evening's Mass, people will be leaving the church too late to arrive at their homes in time. And of course in regions where the Church is undergoing perennial government persecution, the clergy know full well that they have to be flexible if they're celebrating a secret/illegal Mass. Again, applying the law to these kinds of real-life situations is generally a matter of common sense.

In any case, if you take another look at the three priests whom we consider, every one of them preaches a homily on Sundays. But what about holy days of obligation? Note that canon 767§2 says that a homily is required at these Masses too. According to Charles, the second priest "only preaches on Sundays, and not on other days." If this priest fails to preach a homily at Mass on a holyday of obligation without a grave cause, he is technically in violation of the law—but to be fair.

So the law mandates a homily at Masses on Sundays and holydays of obligation · but what about ordinary weekdays? Canon 767§3 specifically addresses this:

It is strongly recommended that if there is a sufficient congregation, a homily is to be given even at Masses celebrated during the week, especially during the time of Advent and Lent or on the occasion of some feast day or a sorrowful event.

While there is no actual obligation for the clergy to preach at weekday Masses, it is nonetheless "strongly recommended." There's no need for the code to explain why—we can all appreciate the value of a priest's explanation of the day's Gospel reading. That is presumably why quite a few priests out there won't hesitate to give at least a quick homily at a daily Mass, even if it's attended by only 3-4 people.

Still, there are plenty of good reasons why a priest might opt to skip the homily at weekday Masses. Maybe there are strict time-constraints, because people are attending the Mass on their lunch break, or college students will have to leave fairly soon in order to make it to their next class. Or perhaps the priest already knows that no matter what he can find to say about a given Gospel passage, the crowd of "regulars" at daily Mass has heard it many times already.

True, as canon 767§3 tells us, it is certainly appropriate to preach a homily at a daily Mass when there's a special feast day, like (for example) the feast of the parish's patron saint, or at a weekday Mass that falls on the anniversary of some tragedy.

If we return now to the three priests whom we discuss, there's no indication that any of them is doing anything that is technically wrong. Each is evidently using his judgment, and reaching a different conclusion about giving a homily at a weekday Mass—and in this case, that discrepancy is totally okay. The option to preach—or not—may result in what looks like inconsistent behavior, but all of these priests appear to be acting fully within the law.

**Questions:**

When does a priest have to preach at Mass?

Who all can preach during Holy Mass?

What might constitute a "grave cause" which would allow a priest to skip the homily altogether at Sunday Mass?

Printed and Published by Fr. Ebigin Arackal
New Vimala Social Service Centre,  Kakkanad, Kochi - 21